# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1379 | | 06.03.2018-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| പ്ലാസ്റ്റിക് മാലിന്യങ്ങളും പാരിസ്ഥിതിക പ്രശ്നങ്ങളും | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.റോജി എം.ജോൺ<br>,, വി.പി.സജീന്ദ്രൻ<br>,, അടൂർ പ്രകാശ്<br>,, ഹൈബി ഈഡൻ | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും<br>വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | പ്ലാസ്റ്റിക് മാലിന്യങ്ങൾ മൂലം സംസ്ഥാനത്ത് സംജാതമായിട്ടുള്ള ഗുരുതരമായ പാരിസ്ഥിതിക പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | പ്ലാസ്റ്റിക് മാലിന്യങ്ങൾ കത്തിക്കുന്നതിലൂടെ ഉണ്ടാകുന്ന ഡയോക്സിൻ, ഫ്യൂറാൻ എന്നീ വിഷവാതകങ്ങൾ സൃഷ്ടിക്കുന്ന ആരോഗ്യപ്രശ്നങ്ങളെ കുറിച്ച് ജനങ്ങൾക്കിടയിൽ ആവശ്യമായ ബോധവൽക്കരണം നടത്തുന്നുണ്ടോ; | (ബി) | ഉണ്ട്. വിവിധ ബോധവൽക്കരണ പരിപാടികൾ തദ്ദേശസ്വയംഭരണ സ്ഥാപനതലങ്ങളിലും ശുചിത്വ മിഷൻ മുഖേനയും സംഘടിപ്പിച്ചു വരുന്നുണ്ട്. |
| (സി) | റോഡുവക്കിൽ പ്ലാസ്റ്റിക് കത്തിക്കുന്നത് കേരള ഹൈക്കോടതി വിലക്കിയിട്ടുള്ള സാഹചര്യത്തിൽ, ഇത് സംബന്ധിച്ച് കർശന നടപടി സ്വീകരിക്കുന്നതിന് നഗരസഭകൾക്ക് കഴിയാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ; | (സി) | റോഡ് വക്കിൽ പ്ലാസ്റ്റിക് കത്തിക്കുന്നത് തടയുന്നതിന് നിയമം അനുശാസിക്കും പ്രകാരമുള്ള നടപടികൾ നഗരസഭകൾ സ്വീകരിക്കുന്നുണ്ട്. |
| (ഡി) | പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ ശേഖരിച്ച് റീസൈക്കിൾ ചെയ്യുന്നതിനായി, മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്ററുകൾ എല്ലാ നഗരസഭകളിലും ഗ്രാമപഞ്ചായത്തുകളിലും സ്ഥാപിച്ചിട്ടുണ്ടോ; അവയുടെ പ്രവർത്തനം കാര്യക്ഷമമാണോ; | (ഡി) | ഇല്ല. എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലാണ്. നിലവിൽ സ്ഥാപിക്കപ്പെട്ട സെന്ററുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ഇ) | സംസ്ഥാനത്ത് കൂടുതൽ സ്ഥലത്ത് പ്ലാസ്റ്റിക് ഷ്രെഡിംഗ് (plastic shredding) യൂണിറ്റുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ഇ) | ശുചിത്വ മിഷൻ, ക്ലീൻ കേരള കമ്പനി എന്നിവയുടെ സഹകരണത്തോടെ കൂടുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്ലാസ്റ്റിക് ഷ്രെഡിങ് യൂണിറ്റുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലാണ്. നിലവിൽ 35 നഗരസഭകളിലും 26 ഗ്രാമ പഞ്ചായത്തുകളിലും പ്ലാസ്റ്റിക് ഷ്രെഡിങ് യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ